പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1598 | 04.12.2018- ൽ മറുപടിയ്ക്ക്

## റബ്ബർ കർഷകർ

**ചോദ്യം**
**ശ്രീ.പി.സി. ജോർജ്**

**ഉത്തരം**
**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്ത് റബ്ബർ കർഷകർക്ക് ഇപ്പോൾ എത്ര രൂപയാണ് വിലസ്ഥിരതക്കുവേണ്ടി സബ്സിഡിയായി നൽകുന്നത്; വിശദമാക്കുമോ;

(ബി) റബ്ബർ കർഷകർക്ക് ലഭിച്ചു കൊണ്ടിരുന്ന സബ്സിഡി ഇപ്പോൾ ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(എ) & (ബി) റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതം അനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150/-രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ടു ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് സംസ്ഥാന സർക്കാർ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീം നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും ( കിലോയ്ക്ക് 150/-രൂപ) റബ്ബർ ബോർഡ് പ്രസിദ്ധീകരിക്കുന്ന ദൈനംദിന വില സൂചികയും തമ്മിലുള്ള വില വ്യത്യാസം കർഷകർ സമർപ്പിക്കുന്ന ബില്ലുകളുടെ അടിസ്ഥാനത്തിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ടു നല്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം RSS-1,2,3,4,5 ഇനം റബ്ബറിനും ലാറ്റക്സിനും സബ്സിഡി നൽകി വരുന്നു. പ്രസ്തുത പദ്ധതിയുടെ 4-ാം ഘട്ടം 2018 ജൂലൈയിൽ തുടങ്ങി 2019 ജൂണിൽ അവസാനിക്കുന്ന തരത്തിൽ നിലവിൽ നടപ്പിലാക്കി വരികയാണ്. ഈ പദ്ധതി പ്രകാരം നടപ്പുസാമ്പത്തിക വർഷം ഇതുവരെ 286.17 കോടി രൂപ സബ്സിഡിയായി കർഷികർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 811.87 കോടി രൂപ ഈ പദ്ധതിക്കു കീഴിൽ കർഷകർക്കു ലഭ്യമാക്കിയിട്ടുണ്ട്. ഈ സ്കീം നിലവിൽ വന്നതിനു ശേഷം ആകെ 1191.57 കോടി രൂപയാണ് സബ്സിഡിയായി വിതരണം ചെയ്തിട്ടുള്ളത്.

RSS-4 ഗ്രേഡിലുള്ള റബ്ബറിന് കിലോഗ്രാമിന് 150/-രൂപ നിരക്കിൽ കർഷകർക്ക് കിട്ടുവാനുള്ള രീതിയിലാണ് വിലസ്ഥിരതാ ഫണ്ടിൽ നിന്നും സബ്സിഡി നൽകുന്നത്. അതായത് RSS-4 ഗ്രേഡിലുള്ള റബ്ബറിന് കിലോഗ്രാമിന് 120/-രൂപയാണെങ്കിൽ റബ്ബർ വിലസ്ഥിരതാ ഫണ്ടിൽ നിന്നും 30/-രൂപ കിലോഗ്രാമിന് എന്ന നിരക്കിലാണ് നൽകി വരുന്നത്. റബ്ബറിന് കിലോഗ്രാമിന് 150/-രൂപയോ, അധിലധികമോ വിപണിയിൽ വില ഉണ്ടെങ്കിൽ സബ്സിഡി അനുവദനീയമല്ല.

(സി) സംസ്ഥാനത്തെ റബ്ബർ കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സർവ്വകക്ഷി യോഗം വിളിച്ചിരുന്നോ; എങ്കിൽ പ്രസ്തുത യോഗത്തിന്റെ മിനിട്ട്സ് ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കർഷക സംഘടനകളുടെ യോഗം വിളിച്ചു ചേർക്കുകയും റബ്ബർ ഉൾപ്പെടെയുള്ള വിവിധ വിളകൾ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്.

കേന്ദ്ര സർക്കാരിന് മുന്നിൽ റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് കത്ത് നൽകുകയും കേന്ദ്ര വാണിജ്യ മന്ത്രിയുമായി നേരിട്ട് സംസാരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച റബ്ബർ ടാസ്ക് ഫോഴ്സിന്റെ യോഗത്തിൽ കേരളത്തിന്റെ ആവശ്യങ്ങൾ സംബന്ധിച്ച് അഭിപ്രായങ്ങൾ അവതരിപ്പിക്കുന്നതിനായി റബ്ബർ മേഖലയിലെ MLA മാരെ കൃഷി മന്ത്രി വിളിച്ച് ചേർക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടാസ്ക് ഫോഴ്സിന് മുന്നിൽ കേരളത്തിന്റെ ആവശ്യങ്ങളും ശുപാർശകളും അവതരിപ്പിക്കുകയുമുണ്ടായി.

(ഡി) സംസ്ഥാനത്ത് ഇപ്പോൾ നിലവിൽ എത്ര കോടി രൂപയുടെ റബ്ബർ ഉത്പാദനം നടക്കുന്നുണ്ട്; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് 2017-18 വർഷം 7020 കോടി രൂപ മൂല്യമുളള 540800 ടൺ റബ്ബർ ഉൽപ്പാദനം നടന്നിട്ടുണ്ട്.

(ഇ) സംസ്ഥാനത്ത് നിലവിൽ എത്ര റബ്ബർ കർഷകർ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

(ഇ) സംസ്ഥാനത്ത് നിലവിൽ 10.54 ലക്ഷം ചെറുകിട റബ്ബർ കർഷകർ ഉണ്ട്. ജില്ല തിരിച്ചുള്ള റബ്ബർ കർഷകരുടെ കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | ഏകദേശം യൂണിറ്റുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 89,000 |
| 2 | കൊല്ലം | 81,000 |
| 3 | പത്തനംതിട്ട | 115,000 |
| 4 | ആലപ്പുഴ | 21,000 |
| 5 | കോട്ടയം | 211,000 |
| 6 | ഇടുക്കി | 66500 |
| 7 | എറണാകുളം | 114500 |
| 8 | തൃശ്ശൂർ | 21000 |
| 9 | പാലക്കാട് | 59000 |
| 10 | മലപ്പുറം | 68000 |
| 11 | കോഴിക്കോട് | 32500 |
| 12 | വയനാട് | 22500 |
| 13 | കണ്ണൂർ | 97000 |
| 14 | കാസർഗോഡ് | 56000 |
| | **ആകെ** | **10,54,000** |

**സെക്ഷൻ ഓഫീസർ**